ആയുധ പരിശീലനം.

* 419. [55] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലെ ഏതെങ്കിലും സംഘടനയ്ക്കു് വാളന്റിയർമാർക്കു് ആയുധപരിശീലനം നൽകാൻ ഗവണ്മെന്റു് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു സംഘടനയ്ക്കു്; എന്നുമുതൽ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പബ്ലിക്ക ലൈബ്രറി.

* 420. [56] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പബ്ലിക്ക ലൈബ്രറിയിലേയ്ക്കു് ആവശ്യമുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതാരാണു്;

(ബി) 1954–55-ൽ ലൈബ്രറിക്കു് പുസ്തകങ്ങൾ വാങ്ങാൻ എത്ര രൂപ അനുവദിച്ചിരുന്നു. അതിൽ എന്തെങ്കിലും തുക ലാപ്സായിപ്പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ലാപ്സാകാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പബ്ലിക്ക ലൈബ്രറി കമ്മിറ്റി അംഗങ്ങൾ നിയമിക്കുന്ന ഒരു സബ്കമ്മിറ്റിയാണു് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതു്.

(ബി) 1954–55-ൽ പുസ്തകങ്ങൾ വാങ്ങാൻ 12,500 രൂ. അനുവദിച്ചിരുന്നു. അതിൽ ഒരു തുകയും ലാപ്സായിട്ടില്ല.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 421. [57] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ പ്രവർത്തനങ്ങൾക്കു് എത്ര കോടി രൂപ ലഭിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്;

(ബി) പദ്ധതികളിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും മറ്റുമായി രൂപീകരിച്ച താലൂക്കു ഡെവലപ്പുമെന്റു കമ്മിറ്റികൾ പിരിച്ചുവിട്ടുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്നു് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly